പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 1542 — 07/06/2018 ൽ മറുപടിക്ക്

# സ്വകാര്യ ഏജൻസികൾ മുഖേനയുള്ള റീ-സർവ്വെ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റീ-സർവ്വെ നടപടികൾ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും ആലോചനകൾ നടക്കുന്നുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഈ മേഖലയിൽ സ്വകാര്യവത്കരണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) റീസർവ്വെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്ന് സർവ്വെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിനായി 10/05/2018 ൽ സ.ഉ(എം.എസ്) 181/2018/റവന്യൂ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ടി വിഷയത്തിൽ നിലവിലെ സർവ്വെ നിയമത്തിൽ മാറ്റം വരുത്തുന്നതിനും Project Management Consultancy യെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ബി) സ്വകാര്യ ഏജൻസികൾ നടത്തുന്ന സർവ്വെ നടപടികളിന്മേൽ സർവ്വെ വകുപ്പ് കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഏത് തരത്തിലുള്ള ചുമതലകളാണ് വകുപ്പിന് നൽകുവാൻ തീരുമാനിച്ചിട്ടുള്ളത് ; | (ബി) വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ച് സർവ്വെ നടപടികളിന്മേൽ കൃത്യത ഉറപ്പുവരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. |

(സി) സംസ്ഥാനത്തെ റീ-സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതിന് മറ്റെന്തെല്ലാം തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്; ഏത് രീതിയിൽ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

(സി) കേന്ദ്രസംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളുടെ സേവനം പ്രയോജനപ്പെടുത്തിയും സർവ്വെ സംബന്ധിച്ച് സാങ്കേതിക പരിജ്ഞാനം ഉള്ളവരെയും സർവ്വെ സ്കൂളിൽ നിന്നും സർവ്വെ ട്രെയിനിംഗ് ലഭിച്ചവരെയും ഉൾപ്പെടുത്തിയും വാലിഡേഷൻ ജോലികൾ സർവ്വെ വകുപ്പിലെ നിലവിലുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് നിർവ്വഹിച്ചും സംസ്ഥാനത്ത് വളരെ വേഗത്തിൽ തന്നെ ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സെക്ഷൻ ഓഫീസർ